കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കാട്ടൂർ ഗ്രാമപഞ്ചായത്ത്

## 2016-2017

## ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## E-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ(പി7)1074/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020
ഫോൺ-0487 2331249

Email: dotsr.ksad@kerala.gov.in
തിയ്യതി:27.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

-------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട്

1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി7)1074/2017 തിയ്യതി:27.07.2017

**തൃശ്ശൂർ ജില്ലയിലെ *കാട്ടൂർ* ഗ്രാമപഞ്ചായത്തിന്റെ *2016-17* സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.**)**

തൃശ്ശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 13-12-2016 മുതൽ 22.6.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 വർഷത്തിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടി പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.6.2017 മുതൽ 04.07.17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. അൻവർ അലി.എ. ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സീനത്ത്.പി.എ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. സിനിലാൽ.എം.ജി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ശംസിയ.കെ.,ഓഡിറ്റർ |

(ബി)<u>നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. മനോജ് വലിയപറമ്പിൽ<br>01.04.16 മുതൽ 31.03.17 വരെ. |
| സെക്രട്ടറി | ശ്രീ.ഷാജിക്. എം.എച്ച്.<br>01.04.16 മുതൽ 31.03.17 വരെ. |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ. | ശ്രീമതി.ഭാനുശാലിനി. | 01.04.16മുതൽ 31.03.17 വരെ. |
| വെറ്ററിനറി സർജൻ | ഡോ. ലിബി ആന്റണി | 01.04.16മുതൽ 31.03.17 വരെ. |
| അസിസ്റ്റന്റ് സെക്രട്ടറി | കെ.പി. വിൽഫ്രഡ് ക്രോണിൻ | 01.04.16മുതൽ 31.03.17 വരെ. |

| | | |
|---|---|---|
| | | |
| അസിസ്റ്റന്റ്എഞ്ചിനീയർ | സിമി വി.യു | 01.04.16മുതൽ<br>31.03.17 വരെ. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | രാഗി ബാബു .വി | 01.04.16മുതൽ<br>18.11.2016 വരെ. |
| | ഹൃദ്യ.എൻ. | 19.11.2016 മുതൽ<br>31.03.17 വരെ. |
| മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി., കാട്ടൂർ. | ഡോ. എം.വി റോഷ് | 01.04.16മുതൽ<br>31.03.17 വരെ. |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.കവിത | 01.04.16മുതൽ<br>31.03.17 വരെ. |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാട്ടൂർ | ദീപ എസ് | 01.04.16മുതൽ<br>31.03.17 വരെ. |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കരാഞ്ചിറ | ദീപ.കെ.വി. | 01.04.16മുതൽ<br>31.03.17 വരെ. |
| ഹെഡ് മിസ്ട്രസ്,ജി.എച്ച്.എസ്.കാട്ടൂർ | സുമംഗലി.എം.എസ് | 01.04.16മുതൽ<br>31.03.17 വരെ. |
| ഡയറി ഫാം ഇൻസ്ട്രക്ടർ | അനില.ടി.തെയ്യഞ്ചേരി | 01.04.16മുതൽ<br>31.03.17 വരെ. |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-1 |
| 13 | ഡി.&ഒ. വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. | 2-2 |
| | ഭാഗം- 3 | |
| 14 | മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. | 3-1 |
| 15 | പി.എം.എ.വൈ. - പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം | 3-2 |
| 16 | പട്ടികജാതി തൊഴിൽ ദാന സമുച്ചയം - ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല | 3-3 |
| 17 | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഓട്ടോറിക്ഷ വിതരണം -അപാകതകൾ | 3-4 |
| 18 | സ്റ്റോക്ക് രജിസ്റ്ററിലെ രേഖപെടുത്തലുകൾ പൊരുത്തപെടാത്തത് സംബന്ധിച്ച് | 3-5 |
| 19 | വയോജന ക്ഷേമം സർവ്വെ ഫലങ്ങൾ ക്രോഡീകരിച്ച് പ്രോജക്റ്റുകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കണം. | 3-6 |
| 20 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം | 3-7 |
| 21 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതു പ്രകാരം തുക നൽകാൻ | 3-8 |

| | | |
|---|---|---|
| | നടപടി സ്വീകരിക്കണം. | |
| 22 | ഷി നാപ്കിൻ പദ്ധതി -പൂർത്തീകരിച്ചിട്ടില്ല. | 3-9 |
| 23 | പെയ്ൻ & പാലിയേറ്റീവ് കെയർ പദ്ധതി-അപാകതകൾ | 3-10 |
| 24 | വയോമിത്രം -പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-11 |
| 25 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. | 3-12 |
| 26 | ആശ്രയ പദ്ധതി ഒന്നാം ഘട്ടം ലക്ഷ്യം നേടിയില്ല-മോണിറ്ററിംഗ് കാര്യക്ഷമമാക്കണം. | 3-13 |
| 27 | തൊഴിലുറപ്പ് പദ്ധതി-കൺകറന്റ് സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിക്കണം. | 3-14 |
| 28 | ODF പദ്ധതി (Open Defecation Free) -ശുചിത്വ മിഷനിൽ നിന്നും തുക ലഭ്യമാക്കണം. | 3-15 |
| 29 | കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികൾ-രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-16 |
| 30 | പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-17 |
| | **ഭാഗം 4** | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃദ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ റിവൈസ്ഡ് ബജറ്റ് 27.03.17 തിയതിയിലെ തീരുമാനം (1) പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 82881536/- രൂപയും, ചെലവ് 80960553/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 20.06.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|
| 2016-17 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു |

<u>അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ - അപാകതകൾ</u>

1.ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.ആസ്തി ബാദ്ധ്യത നിർണ്ണയിച്ച് വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 6976199 |
| വരവ് | ₹ 30001219 |
| ആകെ | ₹ 36977418 |
| ചെലവ് | ₹ 29675834 |
| നീക്കിയിരിപ്പ് | ₹ 7301584 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 5139097 | 5139097 | 5139097 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3799268 | 3799268 | 3799268 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 19050 | 19050 | 19050 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 179825 | 179825 | 179825 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 2357984 | 2357984 | 2357984 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 2692970 | 2692970 | 2692970 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1005882 | 1005882 | 1005882 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 71 | 12740187 | 12740258 | 12739900 | 358 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 100 | 27659768 | 61 | 16888233 | - | 39 | 61 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27.4 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2995807 | 3956763 | 960956 | (+)32.08 |
| നികുതിയേതര വരവുകൾ | 1174546 | 1356439 | 181893 | (+)15.49 |
| മറ്റുവരവുകൾ | --- | -- | -- | -- |
| ആകെ | 4170353 | 5313202 | 1142849 | (+)27.4 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 79920 | 52 |
| കർഷകതൊഴിലാളി പെൻഷൻ | 2632540 | 259 |
| വിധവാപെൻഷൻ | 9450890 | 803 |
| വാർദ്ധക്യകാലപെൻഷൻ | 11251785 | 1112 |
| വികലാംഗപെൻഷൻ | 2198495 | 224 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.06.17 ന് 3.00pm സമയത്ത്. ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3517/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1)രജിസ്റ്ററുകളുടെ പരിപാലനം

എ)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ബി) സൂചിക സംവിധാനം ഉപയോഗിച്ച് അപേക്ഷകളും അനുബന്ധരേഖകളും സ്കാൻ ചെയ്ത് ഡിജിറ്റലായി സൂക്ഷിക്കുന്നുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ വിവരങ്ങളെ കൂടി ലിങ്ക് ചെയ്യാവുന്ന തരത്തിൽ UID നമ്പർ നൽകി ഫയലുകളെ പൂർണ്ണമാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ മാതൃകാപരം.

കമ്പ്യൂട്ടറൈസേഷൻ നടത്തി പൊതുജനങ്ങൾക്ക് വിവിധ തരം സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സൂചിക സോഫ്റ്റ് വെയർ വഴി ഇ-ഫയൽ ട്രാക്കിങ്ങ്, വസ്തു നികുതി, പെർമിറ്റ്, വിവാഹ രജിസ്ട്രേഷൻ, ജനന മരണ സർട്ടിഫിക്കറ്റുകൾ എന്നിവ നിലവിൽ ഓൺ ലൈൻ വഴി ലഭ്യമാക്കുന്നുണ്ട്. മൊബൈൽ ഫോൺ വഴി പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിന് MACK (mobile application for citizens in kattoor) എന്ന മൊബൈൽ അപ്ലിക്കേഷൻ നിലവിലുണ്ട്. കമ്പ്യൂട്ടറൈസേഷൻ മൂലം പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളിൽ കാര്യക്ഷമത വർദ്ധിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 05.06.2017 മുതൽ 06.06.2017 വരെ | മാർച്ച് 2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല | - |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.02.2013മുതൽ 12.03.2013വരെ | 2007-08 മുതൽ 2011-12 വരെ | 16.04.2013 | - |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അനധികൃത കെട്ടിട നിർമ്മാണം ക്രമപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

അനധികൃത കെട്ടിട രജിസ്റ്റർ പ്രകാരം 9 കെട്ടിടങ്ങൾ അനധികൃതമായി നിർമ്മാണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഒരു കെട്ടിടം ക്രമപ്പെടുത്തി ഉത്തരവായിട്ടുണ്ട് എന്നും ബാക്കി വരുന്നവ കെട്ടിടം ഭാഗികമായി പൊളിക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്താൽ മാത്രമേ ക്രമപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്ന് മറുപടി നൽകിയിട്ടുണ്ട് . ടി കെട്ടിടങ്ങൾക്ക് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 അദ്ധ്യായം 22 റൂൾ 134,138 എന്നിവ പ്രകാരം ക്രമപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.12 തീയതി 04.07.17)

### 2-2 ഡി&ഒ ലൈസൻസ് -വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

സെക്രട്ടി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 232(1) ൽ നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്. വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതും ലൈസൻസ് നിബന്ധനകൾക്ക് വിധേയമായി മാത്രമേ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുള്ളൂ എന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതുമാണ്. ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 5 ന് മറുപടിയായി 30/08/2017നകം സമഗ്രട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ആകെ 10936556/-രൂപ അടങ്കലിൽ 43 മരാമത്ത് പ്രവൃത്തികൾ വിഭാവനം ചെയ്തതിൽ 3096893/- രൂപ ചെലവിൽ 12 പ്രവൃത്തികൾ മാത്രമേ തൻവർഷം നടപ്പാക്കിയിട്ടുള്ളൂ. ആകെ ആസൂത്രണം ചെയ്ത 27 റോഡുപണികളിൽ രണ്ട് റോഡുകളുടെ നിർമ്മാണവും ഓരോ അറ്റകുറ്റം, സൈഡ് ഫില്ലിങ്ങ്, കാന കെട്ടൽ എന്നിവ മാത്രമാണ് നടപ്പിലാക്കിയത്.

നിർമ്മാണ പദ്ധതികൾക്കായി ആകെ വകയിരുത്തിയ തുകയുടെ 28 ശതമാനവും വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയിലായി റോഡ് പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയുടെ (6578840/- രൂപ) 22 ശതമാനത്തിൽതാഴെയും മാത്രമാണ് (1433030രൂപ) ചെലവ്. തൻവർഷ നിർമ്മാണ പ്രവൃത്തികൾ ഇത്രയേറെ മന്ദീഭവിച്ചതിന്റെ കാരണങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ റീ ടെന്ററിങ്ങ് അനിശ്ചിതമായി നീണ്ടു പോയ സാഹചര്യവും മോർഡ് (MORD)പ്രകാരം പുതുതായി ആവിഷ്കരിച്ച നിർമ്മാണരീതിക്ക് ആവശ്യമായ സാമഗ്രികളുടെ ലഭ്യതകുറവും വിശദീകരിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണം 4/01.07.17 ന് മറുപടി). ടി വിശദീകരണം അംഗീകരിക്കുന്നുവെങ്കിലും പഞ്ചായത്ത് റോഡുകൾ സംബന്ധിച്ച മരാമത്തു പ്രവൃത്തികൾ ഇത്രയേറെ മന്ദീഭവിക്കുന്ന കീഴ് വഴക്കം ആശാസ്യമല്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. റോഡ് പണികൾ ഉൾപ്പടെയുള്ള മരാമത്ത് പദ്ധതികൾ കൃത്യമായ ആസൂത്രണത്തോടെ നടപ്പാക്കാൻ വരും വർഷങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥരും പഞ്ചായത്ത് ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്.

## 3-2 പി.എം.എ.വൈ. പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം

പി.എം.എ.വൈ. ജനറൽ, എസ്.സി. എന്നീ പദ്ധതികൾ പ്രകാരം കാട്ടൂർ ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നം. | ബിൽ നം. തി. | തുക |
|---|---|---|---|
| 1 | പി.എം.എ.വൈ.<br>അധികവിഹിതം,104/17 | 25/21.02.17 | 275000/- |
| 2 | പി.എം.എ.വൈ<br>ജനറൽ,45/17 | 16/20.12.16 | 80000/- |
| 3 | പി.എം.എ.വൈ, എസ്.സി.പി,48/17 | 17/20.12.16 | 220000/- |
| 4 | പി.എം.എ.വൈ.<br>അധികവിഹിതം104/17 | 30/08.03.17 | 780000/- |
| | | | 1355000 |

പ്രവൃത്തി പൂർത്തീകരിച്ച് എത്രയുംവേഗം പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-3 പട്ടികജാതി തൊഴിൽ ദാന സമുച്ചയം - ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി ,
എസ്റ്റിമേറ്റ് തുക – 1,48,500

പ്രോജക്റ്റ് നം. 55/17

ബിൽ നം.തി. 02/21.02.17 തുക -148500/-

കാട്ടൂർ ഗ്രാമ പഞ്ചായത്തിലെ മുനയം പട്ടികജാതി സമുച്ചയത്തിന്റെ ലൈബ്രറി -റീഡിങ്ങ് റൂം ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് 148500/- രൂപ തൃശ്ശൂർ പി.ഡബ്ളിയു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. നാളിതു വരെ പണി പൂർത്തീകരിച്ച് ഫൈനൽ ബിൽ ഹാജരാക്കിയിട്ടില്ല. ഫൈനൽ ബിൽ ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഓട്ടോറിക്ഷ വിതരണം -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്റ്റ് നം. 39/17

ഓട്ടോറിക്ഷ വിതരണം എസ്.സി പദ്ധതി പ്രകാരം തൻവർഷം മൂന്ന് ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് 50000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

<table>
<tr><th>ഗുണഭോക്താവിന്റെ പേര്</th><th>ബിൽ നം.തി.</th><th>തുക</th></tr>
<tr><td>ദിലീപ് കുമാർ.പി.എ.<br>പൂവത്തിങ്കൽ ഹൗസ്<br>കാട്ടൂർ</td><td>07/18.03.17</td><td>50000/-</td></tr>
<tr><td>ഉണ്ണികൃഷ്ണൻ.പി.വി.<br>പുതുവീട്ടിൽ ഹൗസ്<br>കാട്ടൂർ</td><td rowspan="2">12/29.03.17</td><td rowspan="2">100000/-</td></tr>
<tr><td>രാജേഷ്.എ.സി.<br>അറക്കപറമ്പിൽ<br>കാട്ടൂർ</td></tr>
</table>

അപാകതകൾ

1)ദിലീപ് കുമാർ എന്ന ഗുണഭോക്താവിന് 50000/- രൂപ കാട്ടൂർ ഗ്രാമീൺ ബാങ്കിനും ഉണ്ണികൃഷ്ണൻ.പി.വി, രാധേഷ്.എ.സി. എന്നീ ഗുണഭോക്താക്കളുടെ വിഹിതമായി 100000/- രൂപ തൃശ്ശൂർ ജില്ലാ സഹകരണബാങ്ക് കാട്ടൂർ ബ്രാഞ്ചിനും വായ്പ സബ്സിഡിയായി കൈമാറിയിട്ടുണ്ട്. എന്നാൽ വായ്പ ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2) ഓട്ടോറിക്ഷ വാങ്ങിയതിന്റേയും രജിസ്റ്റർ ചെയ്തതിന്റേയും വിവരം ലഭ്യമല്ല.

മേൽ അപാകതകൾ നില നിൽക്കുന്നതിനാൽ ചെലവഴിച്ച 150000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 സ്റ്റോക്ക് രജിസ്റ്ററിലെ രേഖപെടുത്തലുകൾ പൊരുത്തപെടാത്തത് സംബന്ധിച്ച്

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S017/17 അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം 7,98,815 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. 440/27.1.17 പ്രകാരം വിതരണം ചെയ്ത 498 കി.ഗ്രാം ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തതായി കാണുന്നില്ല. ഇതേ രീതിയിൽ സപ്ലൈകോ കരുവന്നൂർ ഔട്ട് ലെറ്റിൽ നിന്നും ഇഷ്യൂ നം. 162109/14.3.17 പ്രകാരം വാങ്ങിയ ഇനങ്ങളിൽ ഗോതമ്പ് ശർക്കര എന്നിവയുടെ അളവിൽ സ്റ്റോക്ക് രജിസ്റ്ററുമായി യഥാക്രമം 245,40 കിലോഗ്രാമിന്റെ വീതം വ്യത്യാസം രേഖപ്പെടുത്തി കാണുന്നുണ്ട്. ആയതിനാൽ മുഴുവൻ അംഗൻവാടികളിലെയും സ്റ്റോക്ക് രജിസ്റ്ററുകളുമായി ഒത്തുനോക്കി സ്റ്റോക്ക് രജിസ്റ്ററിലെ രേഖപെടുത്തലുകളുടെ കൃത്യത ഉറപ്പാക്കേണ്ടതും രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-6 വയോജന ക്ഷേമം സർവ്വെ ഫലങ്ങൾ ക്രോഡീകരിച്ച് പ്രോജക്ടുകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

86/17 വയോജന ക്ഷേമ പദ്ധതി പ്രകാരം 1,22,400 രൂപ വകയിരുത്തിയതിൽ 21,140 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വയോജനങ്ങൾക്കുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള വിവര ശേഖരണം നടത്തുന്നതിനുള്ള പരിശീലനം നൽകുന്നതിനും പ്രോഫോർമകൾ പ്രകാരം വിവരശേഖരണം നടത്തുന്നതിനുമായി ഒരു വീടിന് 5 രൂപാ നിരക്കിൽ അംഗൻവാടി ജീവനക്കാർക്ക് സർവ്വെ നടത്തിയതിന് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. മേൽ പ്രകാരം 2358 വീടുകളിൽ സർവ്വെ പൂർത്തിയാക്കിയതിന് തുക നൽകിയിട്ടുണ്ടെങ്കിലും ആയത് ക്രോഡീകരിച്ചിട്ടില്ല. സർവ്വെ ഫലങ്ങൾ ക്രോഡീകരിച്ച് പ്രോജക്ടുകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

## 3-7 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം

ഗ്രമപഞ്ചായത്തിൽ ആകെ 17 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 3 എണ്ണത്തിന് സ്വന്തമായി കെട്ടിടം ഇല്ല. എല്ലാ അംഗൻ വാടികളിലും നിലവിൽ ഒരു ഗ്യാസ് സിലിണ്ടർ മാത്രമാണുള്ളത്. 67ാം നമ്പർ അംഗൻവാടി ഒഴികെ മറ്റു അംഗൻവാടികൾക്ക് കുടിവെള്ള കണക്ഷൻ ഉണ്ട്. കുട്ടികൾക്കാവശ്യമായ ഔട്ട് ഡോർ ടോയ്സ്, രണ്ടാമത്തെ ഗ്യാസ് സിലിണ്ടർ , ബേബി ഫ്രണ്ട് ലി ടോയ് ലറ്റുകൾ എന്നിവ പൊതുവായ ആവശ്യങ്ങളാണ്. അംഗൻവാടി നമ്പർ 66ന് കെട്ടിടം നിർമ്മിക്കാനാവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അംഗൻവാടി നമ്പർ 65,68 എന്നിവയ്ക്ക് സ്ഥലം കണ്ടെത്തേണ്ടതുണ്ട്. അംഗൻവാടി നം. 65ന് സ്ഥലം കണ്ടെത്തുന്നതിനായി 1,00,000/- രൂപ സ്പോൺസർ ലഭിച്ചിട്ടുണ്ട്. അതേസമയം കേന്ദ്ര വിഹിതമായി ലഭിച്ച തുകയിൽ 2,85,342/-രൂപ ബാക്കിയുണ്ട്. ലഭ്യമായ തുക ഉപയോഗിച്ചും തുടർന്നു വരുന്ന വാർഷിക പദ്ധതികളിലുൾപ്പെടുത്തിയും അംഗൻവാടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണം ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതു പ്രകാരം തുക നൽകാൻ നടപടി സ്വീകരിക്കണം.

11.1.16 ലെ സ.ഉ.(എം.എസ് ) നം.4/2016ത.സ്വ.ഭ.വ ഉത്തരവ് അനുബന്ധം 15 ഖണ്ഡിക 5.8 പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താക്കൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവ് ഭാഗം 3 ഖണ്ഡിക9 (iv) പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ തുക നിർബന്ധമായും വകയിരുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 54 ഗുണഭോക്താക്കൾക്ക് സാമ്പത്തിക വർഷത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും മേൽ ഉത്തരവിൽ നിർദ്ദേശിച്ച നിരക്കിൽ തുക നൽകുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ തുടർ വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി നൽകേണ്ട തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 ഷി നാപ്കിൻ പദ്ധതി -പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം. S012/17

ബിൽ നം. തി. 04/30.12.16 തുക -75000/-/-

ബിൽ നം. തി. 09/27.02.17 തുക – 87407/-

നിർവ്വഹണോദ്യോഗസ്ഥൻ -സൂപ്രണ്ട് ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ,കാട്ടൂർ.

പഞ്ചായത്ത് പരിധിയിലെ ഗവ.ഹൈസ്കൂളുകളിലെ വിദ്യാർത്ഥിനികളുടെ ആരോഗ്യ സംരക്ഷണത്തിനായി നാപ്കിൻ വിതരണവും, നാപ്കിൻ സൂക്ഷിക്കുന്നതിന് അലമാരയും , മാലിന്യ സംസ്കരണത്തിനായി ഇൻസിനേറ്ററും സ്ഥാപിക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. ഗവ.ഹൈസ്കൂൾ കാട്ടൂർ, ഗവ.ഹയർ സെക്കന്ററി സ്കൂൾ കാട്ടൂർ എന്നീ സ്കൂളുകളിൽ

പദ്ധതി നടപ്പാക്കുന്നതിന് കേരള സ്റ്റേറ്റ് വുമൺസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 162407/- രൂപ കൈമാറിയിട്ടുണ്ടെങ്കിലും നാളിതു വരെ പദ്ധതി പൂർത്തീകരിക്കുകയോ സ്ഥാപനവുമായി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 പെയിൻ &പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ

പ്രോജക്ട് നം. S009/17

എ)ബിൽ നം. തി. 05/21.02.17 തുക -70240/-

നിർവ്വഹണോദ്യോഗസ്ഥൻ -സൂപ്രണ്ട് ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ,കാട്ടൂർ.

പെയിൻ &പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവോയ്സ് പ്രകാരം(1543/14.01.17) 70240/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയെങ്കിലും മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമല്ല. മരുന്ന് ലഭ്യമാകുന്നതുവരെ ചെലവ് തുക 70240/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

ബി )പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ഗൃഹസന്ദർശനം നടത്തുന്നതിന് ക്വട്ടേഷൻ വിളിച്ചത് പ്രകാരം ശ്രീ.സജിത്.സി.വി. എന്ന വ്യക്തി 24 കി.മീ. വരെ 650 /- രൂപ ക്വാട്ട് ചെയ്തിരുന്നെങ്കിലും 800/- രൂപ ക്വാട്ട് ചെയ്ത ശ്രീ.പി.കെ.ഷെരീഫിന്റെ ക്വട്ടേഷനാണ് അംഗീകരിച്ചിട്ടുള്ളത്. ഇപ്രകാരം കൂടിയ നിരക്ക് അംഗീകരിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല. തൻവർഷം വാഹന വാടകയിനത്തിൽ ചെലവഴിച്ച തുകയുടെ വിവരം താഴെകൊടുക്കുന്നു.

| ബിൽ നം. തി | വാഹനവാടക യിനത്തിൽ ചെലവഴിച്ച തുക |
|---|---|
| 01/19.10.16 | 38400 |
| 02/26.12.16 | 12800 |
| 03/26.12.16 | 12800 |
| 07/21.02.17 | 12800 |
| 08/21.02.17 | 12000 |
| 13/27.03.17 | 13600 |
| 16/29.03.17 | 12800 |
| ആകെ | 115200 |

വിശദീകരണം ലഭ്യമാക്കുന്നതു വരെ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി നം.4 തീയതി 04.07.17)

## 3-11 വയോമിത്രം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. S0123/17

ബിൽ നം. തി. 17/29.03.17 തുക -244968/-

നിർവ്വഹണോദ്യോഗസ്ഥൻ – സൂപ്രണ്ട് ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ,കാട്ടൂർ.

വയോമിത്രം ജനറൽ പദ്ധതി പ്രകാരം വയോജനങ്ങൾക്ക് മരുന്ന് ,വാക്കിങ്ങ് സ്റ്റിക്ക് എന്നിവ നടപ്പാക്കുകയുണ്ടായി. വയോജന സൗഹൃദ ടോയ്‌ലറ്റ്, പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ നൽകൽ എന്നിവ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും നടപ്പാക്കിയില്ല.

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)പ്രോജക്ട് പ്രകാരം 50 വയോജനങ്ങൾക്കാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും വാക്കിങ്ങ് സ്റ്റിക്ക് 95 എണ്ണം വാങ്ങിയിട്ടുണ്ട്. എറണാംകുളം കേരള സർജിക്കൽ എക്യുപ്മെന്റ് കമ്പനി ലിമിററഡ് എന്ന സ്ഥാപനത്തിൽ നിന്നും 95 വാക്കിങ്ങ് സ്റ്റിക്കുകൾ ഓരോന്നിനും 520/- രൂപ വീതം 49400/- രൂപക്ക് (ഇൻവോയ്സ് നം.2963/23.03.17)വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവ വിതരണം ചെയ്തതിന്റെ രേഖകളില്ല. ഗുണഭോക്താക്കളുടെ ലിസ്റ്റും ഹാജരാക്കിയിട്ടില്ല.

2)വയോജനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിന് പ്രൊഫോർമ ഇൻവെയ്സ് പ്രകാരം (4417/29.03.17) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ 194568/- രൂപ അടവാക്കിയിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമായതിന്റെ വിവരം ലഭ്യമല്ല.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച 2,44,968/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

വി.ഇ.ഒ. കാട്ടൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S054/17 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി പ്രകാരം 0.5എം3,1എം3/dayകപ്പാസിറ്റിയുള്ള 43 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഗുണഭോക്തൃവിഹിതമായ 1,74,000 രൂപയുൾപെടെ ആകെ 4,96,500/- രൂപ IRTC മുണ്ടൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി പഞ്ചായത്ത് കമ്മിറ്റി 86 ഗുണഭോക്താക്കളെ അംഗീകരിച്ച് നൽകിയിരുന്നുവെങ്കിലും ഗുണഭോക്തൃവിഹിതം അടവാക്കിയ 43 ഗുണഭോക്താക്കൾക്ക് പ്ലാന്റ് സ്ഥാപിക്കുന്നതിനാണ് IRTC ക്ക് തുക നൽകിയിരുന്നത്. എന്നാൽ മുഴുവൻ ഗുണഭോക്താക്കൾക്കും ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചിട്ടില്ല.

10.2.17ന് ശുചിത്വ മിഷനിൽ നിന്നും ലഭിച്ച സാങ്കേതികാനുമതി കത്ത് നം.652/T.S.30/DSM/2017 പ്രകാരം യൂണിറ്റ് ഒന്നിന് 5000/-രൂപ ശുചിത്വമിഷനിൽ നിന്നും സബ്സിഡി നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം ത.സ്വ.ഭ സ്ഥാപനം 2500 രൂപ മാത്രമേ വകയിരുത്തേണ്ടതുള്ളൂ. എന്നാൽ ശുചിത്വ മിഷനിൽ നിന്നും തുക ലഭിക്കാത്തതിനെ തുടർന്ന് 43പേർക്ക് 7500രൂപാ നിരക്കിൽ 3,22,500/-രൂപ ബിൽ നം. 2,3,4 എന്നിവ പ്രകാരം പ്ലാൻഫണ്ടിൽ നിന്നും IRTC യുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്. പ്ലാന്റ് സ്ഥാപിക്കുന്നതിന് 21.2.17ന് ഏർപെട്ട കരാറിൽ ക്രമനമ്പർ 6,7 എന്നിവ പ്രകാരം അഡ്വാൻസായി നൽകുന്ന 20% തുകയുടെ 90% ചെലവഴിക്കുന്ന മുറക്ക് അടുത്തഗഡു നൽകുന്നതിനും പരമാവധി 2 മാസത്തിനുള്ളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതു സംബന്ധിച്ച് സാക്ഷ്യപത്രങ്ങൾ നൽകുകയോ പ്രവൃത്തി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. 37 ഗുണഭോക്താക്കൾ പ്ലാന്റ് സ്ഥാപിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ബാക്കി ഗുണഭോക്താക്കൾക്ക് കൂടി ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 ആശ്രയ പദ്ധതി ഒന്നാം ഘട്ടം ലക്ഷ്യം നേടിയില്ല-മോണിറ്ററിംഗ് കാര്യക്ഷമമാക്കണം.

അശരണരും അഗതികളുമായ ഗുണഭോക്താക്കളെ കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഇവരുടെ അതിജീവന, വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് ലക്ഷ്യമിട്ട ആശ്രയ പദ്ധതി കാര്യക്ഷമമായ മോണിറ്ററിംഗിന്റെ അഭാവം മൂലം ലക്ഷ്യം നേടിയില്ല. പ്രാദേശിക ഭരണകൂടത്തിന്റെ പരിധിയിലുള്ള അഗതി കുടുംബങ്ങളെ കണ്ടെത്താൻ സർക്കാർ നിർദ്ദേശിച്ച ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഒന്നാംഘട്ടത്തിലുൾപ്പെടുത്തുന്നതിന് 75 കുടുംബങ്ങളെ പഞ്ചായത്ത് തെരഞ്ഞെടുത്തിരുന്നു.

പദ്ധതിയുടെ 16.1.10 ലെ സ.ഉ.(എം.എസ്)12/2010 ത.സ്വ.ഭ.വ ഉത്തരവ് പരിചരണ സേവനങ്ങളുടെ മാർഗ്ഗരേഖ ഖണ്ഡിക 4 പ്രകാരം ആശ്രയ പദ്ധതിയുടെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണെന്നും ഉപസമിതി രൂപീകരിച്ച് രണ്ടു മാസത്തിലൊരിക്കൽ പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നതിനും ഓരോ അയൽക്കൂട്ടവും ഉൾപ്പെടുന്ന ആശ്രയ കുടുംബത്തിന്റെ പ്രോജക്ട് ഘടകങ്ങളുടെ നിർവ്വഹണം വിലയിരുത്തുന്നതിനായി അയൽക്കൂട്ടങ്ങൾ ആശ്രയ മോണിറ്ററിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള മോണിറ്ററിംഗ് സംവിധാനങ്ങൾ പഞ്ചായത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലായെന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടു. പദ്ധതി ആരംഭിച്ച് നീണ്ട കാലയളവിനു ശേഷവും ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ പോലും സാക്ഷാത്കരിക്കുന്നതിന് സാധിച്ചിട്ടില്ല. ആശ്രയ ഒന്നാം ഘട്ടം പ്രവർത്തനം അവസാനിച്ച സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ എങ്ങിനെ നിറവേറ്റാമെന്നത് ഭരണസമിതി പരിശോധിക്കേണ്ടതാണ്.

11.01.16ജി.ഒ.(എം.എസ്) 4/16ത.സ്വ.ഭ.വ. മാർഗ്ഗ രേഖ ഭാഗം 3 ഖണ്ഡിക 9(vi) പ്രകാരം ആശ്രയ പദ്ധതിക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് പാലിക്കാതെയാണ് പ്രൊജക്ടുകൾ നടപ്പാക്കുന്നത് എന്ന് താഴെ കാണുന്ന ഗുണഭോക്താക്കളുടെ പരിഹരിക്കപ്പെടാത്ത ആവശ്യങ്ങളുടെ ലിസ്റ്റിൽ നിന്നും വ്യക്തമാണ്. നിലവിൽ രണ്ടു ഘട്ടങ്ങളിലായി ഇനിയും പരിഹരിക്കപ്പെടേണ്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | പദ്ധതി | ആശ്രയ ഒന്നാം ഘട്ടം | | ആശ്രയ രണ്ടാം ഘട്ടം | |
|---|---|---|---|---|---|
| | | DPRപ്രകാരം ഗുണഭോക്താക്കൾ | നൽകിയത് | DPRപ്രകാരം ഗുണഭോക്താക്കൾ | നൽകിയത് |
| 1 | സ്ഥലം | 12 | 4 | 4 | - |
| 2 | ഭവന നിർമ്മാണം | 32 | 20 | 13 | 5 |
| 3 | വീട് റിപ്പയറിംഗ് | 29 | 19 | 15 | 10 |
| 4 | കക്കൂസ് | - | - | 4 | 2 |
| 5 | കുടിവെള്ളം | 17 | 2 | 2 | - |

ആശ്രയ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് മുമ്പ് അതിലും ഉയർന്ന സാമ്പത്തികശേഷിയുള്ള മറ്റു വിഭാഗങ്ങൾക്ക് ധനസഹായം നൽകി വരുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രത്യേക പ്രൊജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതി ഒഴിവാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് ആവശ്യമായ സേവനം ലഭ്യമാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകേണ്ടതും ആശ്രയ പദ്ധതിയുടെ റീ വിസിറ്റ് സമയബന്ധിതമായി നടപ്പാക്കി വാർഷിക പദ്ധതി രൂപീകരണ സമയത്ത് ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 തൊഴിലുറപ്പ് പദ്ധതി-കൺകറന്റ് സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി നടത്താൻ നടപടി സ്വീകരിക്കണം.

2016-17 വർഷത്തിൽ കാട്ടൂർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം 803 പദ്ധതികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 3,94,58,726/-രൂപ ചെലവഴിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. ഇതിൽ തൻ വർഷം

നടപ്പിലാക്കിയ 117 പദ്ധതികളിലായി 1,27,40,187/- രൂപ ചെലവഴിച്ചിട്ടുണ്ട്. (മെറ്റീരിയൽ വർക്കുകൾക്കായി ചെലവഴിച്ച 3,32,022രൂപയും ഭരണനിർവ്വഹണ ചെലവായ 10,58,470/- രൂപയും ഇതിലുൾപെടുന്നു.) രജിസ്റ്റർ ചെയ്ത ആകെ 1828 കുടുംബങ്ങൾക്കായി 38188 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ 100 തൊഴിൽ ദിനങ്ങൾ ലഭിച്ച 159 കുടുംബങ്ങളും ഉൾപ്പെടുന്നു. 2016-17 ൽ നടത്തിയ മേൽ പ്രവൃത്തികളുടെ ആദ്യ അർധവർഷ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ. ലഭ്യമായ റിപ്പോർട്ട്പരിശോധിച്ചതിൽ നിന്നും ആവശ്യമായ മുഴുവൻ വിവരങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുന്നില്ലായെന്ന് കണ്ടു. ഒരു സാമ്പത്തികവർഷത്തിൽ നടപ്പാക്കിയ പദ്ധതികൾ, വാർഡ് തലത്തിൽ നടപ്പിലാക്കിയവ, പ്രവൃത്തികളുടെ കാറ്റഗറി, ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികൾ, മുൻ ഓഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയ അപാകതകൾ, പരിഹരിച്ചതിന്റെ വിവരം, സോഷ്യൽ ഓഡിറ്റ് ടീമിൽ ഉൾപ്പെട്ട അംഗങ്ങൾ എന്നിങ്ങനെ ആവശ്യമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സമഗ്രമായ റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

2014 ജനുവരി 3 ന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ച മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വിജ്ഞാപനം പട്ടിക I ക്രമനമ്പർ 25 B പ്രകാരം എല്ലാ പ്രവൃത്തികൾക്കുമായി ഓരോ മാസവും കൺകറന്റ് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. നിർവ്വഹിച്ച പ്രവൃത്തികളുടെ ഉപയോഗയോഗ്യതകളും (Utility) ഉണ്ടായ നേട്ടവും (Out come)വിലയിരുത്തുന്നതിനും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളും പ്രവൃത്തി സ്ഥലത്തെ അളവുകളും തമ്മിൽ ഒത്തു നോക്കുന്നതിന് സോഷ്യൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തണമെന്ന് 25C (iii) പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളും ദീർഘ നാളുകൾക്ക് ശേഷം സ്ഥലപരിശോധന നടത്തി അളവു പുസ്തക രേഖപ്പെടുത്തലുകളുമായി ഒത്തു നോക്കാൻ സാധിക്കാത്തവയാണ് എന്നതിനാൽ വൈകി നടത്തുന്ന സോഷ്യൽ ഓഡിറ്റുകൾ ഓഡിറ്റിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുത്തിയേക്കാൻ സാധ്യതയുണ്ട്. ആയതിനാൽ സമയബന്ധിതമായി സോഷ്യൽ ഓഡിറ്റും, കൺകറന്റ് സോഷ്യൽ ഓഡിറ്റും നടത്തി ചെലവുകൾ നിയമാനുസൃതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ODF പദ്ധതി (Open Defecation Free) -ശുചിത്വ മിഷനിൽ നിന്നും തുക ലഭ്യമാക്കണം.

വി.ഇ.ഒ കാരാഞ്ചിറ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ODF പദ്ധതി പ്രകാരം 21 ഗുണഭോക്താക്കൾക്ക് 15,400 രൂപാ നിരക്കിൽ ശുചിത്വ കക്കൂസ് നിർമ്മിക്കുന്നതിനായി 3,23,400 രൂപ 1മുതൽ 5 വരെ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ശുചിത്വ ഭാരത മിഷൻ(ജി)മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സ്വച്ഛ് ഭാരത് മിഷൻ 12,000 രൂപയും ത.സ്വ.ഭ.വ സ്ഥാപനം 3400 രൂപ വീതവും പദ്ധതിക്കായി വകയിരുത്തണം. പദ്ധതി സമയബന്ധിതമായി നടപ്പാക്കേണ്ടതിനാൽ 22.5.16 ലെ സ.ഉ(സാ) നം.1773/16ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം മുഴുവൻ തുകയും തദ്ദേശ സ്വയം ഭരണ സ്ഥാപനം പദ്ധതി പണത്തിൽ നിന്നും ചെലവഴിക്കുകയാണുണ്ടായത്. പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച ശുചിത്വ മിഷൻ വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-16 കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികൾ-രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

കൃഷി ഓഫീസർ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഓഡിറ്റ് പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | തുക | അപാകതകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | SO 74/17 | പച്ചക്കറി കൃഷി വ്യാപനം. | 50000 | അപേക്ഷകൾ ക്രമമായി നമ്പറിട്ട് അനുബന്ധ രേഖകൾ സഹിതം സൂക്ഷിച്ചിട്ടില്ല, അധിക ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതിന്റെ വിവരം, അക്കൗണ്ട് ട്രാൻസ്ഫർ ട്രഷറി സാക്ഷ്യപെടുത്തിയ സ്റ്റേറ്റ്മെന്റ്, ഡോക്യുമെന്റേഷൻ ഡീറ്റയിൽസ് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 2 | SO 117/17 | ഫർണീച്ചർ വാങ്ങൽ | 75949 | സിഡ്കോയുമായി ഏർപ്പെട്ട കരാർ, ഉപകരണങ്ങളുടെ വാറണ്ടി/ഗ്യാരണ്ടി സംബന്ധിച്ച വിവരങ്ങൾ, പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം. അക്കൗണ്ട് ട്രാൻസ്ഫർ ട്രഷറി സാക്ഷ്യപെടുത്തിയ സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 3 | SO 75/17 | ഹൈബ്രിഡ് തെങ്ങിൻതൈ വിതരണം | 9000 | അപേക്ഷകളും അനുബന്ധ രേഖകളും ക്രമമായി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. ഗ്രാമസഭ, പഞ്ചായത്ത് കമ്മിറ്റി എന്നിവർ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 4 | SO 24/17 | കിഴങ്ങ് വർഗ്ഗ വിളകൾ വിതരണം | 1,40,000 | അപേക്ഷകളും അനുബന്ധ രേഖകളും ക്രമമായി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. അക്കൗണ്ട് ട്രാൻസ്ഫർ ട്രഷറി സാക്ഷ്യപെടുത്തിയ സ്റ്റേറ്റ്മെന്റ്, ഡോക്യുമെന്റേഷൻ ഡീറ്റയിൽസ് എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 5 | SO63/17 | നെൽകൃഷിക്ക് കൂലിചെലവ് | 3,75,000 | ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും ക്രമമായി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. അക്കൗണ്ട് ട്രാൻസ്ഫർ ട്രഷറി സാക്ഷ്യപെടുത്തിയ സ്റ്റേറ്റ്മെന്റ്, കർഷക സമിതിയുമായി ഉണ്ടാക്കിയ കരാർ, കൃഷി നടത്തിയ കർഷകരുടെ സമിതി സാക്ഷ്യപെടുത്തി നൽകിയ ലിസ്റ്റ്എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 6 | SO 47/17 | തെങ്ങുകൃഷി വികസനം. | 75,000 | അപേക്ഷകളും അനുബന്ധ രേഖകളും ക്രമമായി നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല. അക്കൗണ്ട് ട്രാൻസ്ഫർ ട്രഷറി സാക്ഷ്യപെടുത്തിയ സ്റ്റേറ്റ്മെന്റ്, ഡോക്യമെന്റേഷൻ ഡീറ്റയിൽസ് എന്നിവ ലഭ്യമാക്കിയിട്ടില്ല. |

മേൽ പ്രകാരമുള്ള രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-17 പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം വിവിധ ഏജൻസികൾക്ക് താഴെ പറയും പ്രകാരമുള്ള തുക കൈമാറിയിട്ടുണ്ട്. നാളിതു വരെ പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ടി കാരണത്താൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം | ബിൽ നം.തി. | തുക | വിശദവിവരം |
|---|---|---|---|---|---|
| 1 | സ്ട്രീറ്റ്മെയിൻ വലിക്കൽ | 59/15 | 39/27.03.17 | 1351545/- | കാട്ടൂർ കെ.എസ്.ഇ.ബി.<br><br>അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകി |
| 2 | പട്ടികജാതി കോളനിയിലേക്ക്<br><br>പൈപ്പ് ലൈൻ<br><br>എക്സ്റ്റൻഷൻ | 58/17 | 21/30.12.17 | 185000/- | ഇരിങ്ങാലക്കുട<br><br>കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി |
| 3 | മധരംപിള്ളി കോളനി പൈപ്പ് ലൈൻ<br><br>എക്സ്റ്റൻഷൻ | 58/17 | 38/27.03.17 | 50000/- | ,, |
| 4 | എബിസി പ്രോഗ്രാം തുക കൈമാറൽ | 44/17 | 26/27.02.17 | 75000/- | ജോയിന്റ് സെക്രട്ടറി<br><br>ജില്ലാപഞ്ചായത്തിന് നൽകി |
| | ആകെ | | | 1661545/- | |

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്<br><br>പഞ്ചായത്ത് | 2015-16 | 620000 | കുടിവെള്ളം ഗാർഹിക കണക്ഷൻ സബ്സിഡി. | 264000 | 356000 |
| ബ്ലോക്ക്<br><br>പഞ്ചായത്ത് | 2016-17 | 6570 | ഹൈബ്രിഡ് തെങ്ങിൻ തൈ വിതരണം. | 6570 | 0 |
| ബ്ലോക്ക് | 2016-17 | 120000 | ശാരീരിക മാനസിക | 120000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വെല്ലുവിളി<br>നേരിടുന്ന<br>വ്ദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (ജനറൽ) | | |
| ബ്ലോക്ക്<br>പഞ്ചായത്ത് | 2016-17 | 15000 | ശാരീരിക മാനസിക<br>വെല്ലുവിളി<br>നേരിടുന്ന<br>വ്ദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(എസ്.സി) | 15000 | 0 |
| ബ്ലോക്ക്<br>പഞ്ചായത്ത് | 2016-17 | 45000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 45000 | 0 |
| ജില്ലാപഞ്ചായത്ത് | 2016-17 | 187500 | നെൽകൃഷി വികസനം | 187500 | 0 |
| ജില്ലാപഞ്ചായത്ത് | 2016-17 | 120000 | ശാരീരിക മാനസിക<br>വെല്ലുവിളി<br>നേരിടുന്ന<br>വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (ജനറൽ) | 120000 | 0 |
| ജില്ലാപഞ്ചായത്ത് | 2016-17 | 15000 | ശാരീരിക മാനസിക<br>വെല്ലുവിളി<br>നേരിടുന്ന<br>വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(എസ്.സി) | 15000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയതുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേർ | ബിൽ/ ചെക്ക് നം. | തുക | ചെലവഴിച്ച തുക | പൂർത്തീകരണവിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ<br>വലിക്കൽ | 39/27.03.17 | 1351545/ | 1351545/ | ലഭ്യമല്ല | -- |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ<br>വലിക്കൽ | 2161139 | 82650 | 82650 | ,, | -- |
| കേരള വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻ വലിക്കൽ | 21600505<br>21601140 | 235000 | 235000 | ,, | -- |

| | | | | | | |
|---|---|---|---|---|---|---|
| പി.ഡബ്ളിയു.ഡി | യൂത്ത് എക്സലൻസ് സെന്റർ ഇലക്ട്രിഫിക്കേഷൻ | 21600979 | 148500 | 148500 | „ | -- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം.തി | വായ്പ തുക | തിരിച്ചടക്കാൻ ബാക്കി | തൻവർഷംഅടച്ചത് മുതൽ | പലിശ | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | ഇ.എം.എസ്, ഹൗസിങ്ങ് സ്കീം | ജി.ഒ.(നം.)278/10.LSGD തി.27.01.10 | 5244657 | 815527 | 205000 | ---- | 610527 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1450200 |
| തൻവർഷം നിക്ഷേപിച്ച തുക | 134511 |
| ആകെ | 1584711 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1584711 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് ,കാട്ടൂർ | 1584711(രശീതി നം 0175834തി .05.10.17) |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30001219 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29675834 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | --- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2390453 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 148500 | വിൽഫ്രഡ് ക്രോണിൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 150000 | വിൽഫ്രഡ് ക്രോണിൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-10എ | 70240 | ഡോ.എം.വി.റോഷ്, സൂപ്രണ്ട്, സി.എച്ച്.സി, കാട്ടൂർ |
| 3-10ബി | 115200 | „ |
| 3-11 | 244968 | „ |
| 3-17 | 1661545 | ഷാജിക് എം.എച്ച്, സെക്രട്ടറി |
| | 2390453 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 92-93,<br>93-94 | എൽ.എഫ്.ടി.(എസ്2)-1132/11 തി. 20.10.11/07.12.11 | | |
| 94-95,<br>95-96 | കെ.എസ്.എ-ടി.എസ്.ആർ/ പി7/261/2016/29-2-16(ഓഡിറ്റ് അദാലത്ത്) | 10 | |
| 96-97 | കെ.എസ്.എ-ടി.എസ്.ആർ/ പി7/261/2016/29-2-16(ഓഡിറ്റ് അദാലത്ത്) | 12 | |
| 97-98 | കെ.എസ്.എ-ടി.എസ്.ആർ/ പി7/261/2016/29-2-16(ഓഡിറ്റ് അദാലത്ത്) | 5 | |
| 98-99<br>(വരവ്)<br>(ചെലവ്) | കെ.എസ്.എ-ടി.എസ്.ആർ/ പി7/261/2016/29-2-16(ഓഡിറ്റ് അദാലത്ത്) | 13 | |
| 99-2000 | കെ.എസ്.എ-ടി.എസ്.ആർ/ പി7/261/2016/29-2-16(ഓഡിറ്റ് അദാലത്ത്) | 2 | |
| 00-01,<br>01-02 | എൽ.എഫ്.ടി.(16)-1797/03 തി.16.05.04 | | |
| 00-01 | എൽ.എഫ്.ടി.(16)-867/04 തി.04.01.05 | | |
| 01-02 | എൽ.എഫ്.ടി.(16)-1872/06 തി.07.06.07/05.10.07 | | |
| 02-03 | എൽ.എഫ്.ടി.(16)-1767(എ)/07 തി.10.03.08 | | |
| 03-04 | എൽ.എഫ്.ടി.(16)-1767/07 തി. 10.03.08 | | |
| 04-05 | എൽ.എഫ്.ടി.(16)-62/09 തി.15.12.09 | | |
| 05-06 | എൽ.എഫ്.ടി.(16)-636/10 തി.23.12.10 | | |
| 06-07 | എൽ.എഫ്.ടി.(16)-637/10 തി.23.12.10 | | |
| 07-08 | എൽ.എഫ്.ടി.(പി11)-976/11 തി. 24.11.11 | | |
| 08-09 | എൽ.എഫ്.ടി.(പി11)-977/11 തി.24.11.11 | | |
| 09-10 | എൽ.എഫ്.ടി.(പി3)-1080/12 തി.12.10.12/08.02.13 | | |
| 10-11 | എൽ.എഫ്.ടി.(പി3)-1081/12 തി.12.10.12/08.02.13 | | |
| 11-12 | എൽ.എഫ്.ടി(പി3)-712/13തി.23.09.13 | | |

| | | | |
|---|---|---|---|
| 12-13 | കെ. എസ്. എ. ടി. എസ്. അർ<br>(പി 7)-379/14തീ. 17.11.2015/05.12.15 | | |
| 2013-14 | കെ. എസ്. എ. ടി. എസ്. അർ<br>(പി 7)-196/16തി. 11.2.2016/05.3.16 | | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ<br>(പി7)933/2016 തീ.13.06.16 | | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ<br>(പി7)2170/2016 തീ.17.01.17 | | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.ടി.എസ്.ആർ(പി7)1074/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020 Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
തിയ്യതി :27.07.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ** 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കാട്ടൂർ ഗ്രാമപഞ്ചായത്തിന്റെ** 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA-TSR(P7)1074/2017

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in

Dated: 27.07.2017

# AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of **Kattur Gramapanchayat** in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of **Kattur Grama Panchayat** for the year **2016-17** except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur.